FMAK05

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.5/1311/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/08/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽസ്റ്റേഷൻ, കോഴിക്കോട്-20

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.നു).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.5/1311/2024 തീയ്യതി: 23/08/2024

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2023 മുതൽ 27-05-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .നന്ദന എസ് പിള്ളൈ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-05-2024 | 07-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-05-2024 | 07-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.രാജീവൻ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജാസിർ.സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വിനിത.ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എൻ.പത്മിനി ടീച്ചർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.മോഹൻരാജ്.വി.പി | സെക്രട്ടറി | 01-04-2023 | 06-08-2023 |
| ശ്രീ.അനൂപൻ തേവൂന്റവിട | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-08-2023 | 07-09-2023 |
| ശ്രീ.മോഹൻരാജ്.വി.പി | സെക്രട്ടറി | 08-09-2023 | 18-03-2024 |
| ശ്രീ.അനൂപൻ തേവൂന്റവിട | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനൂപൻ തേവൂന്റവിട | അസിസ്ററന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രഭ.പി.കെ. | മെഡിക്കൽ ഓഫീസർ( എഫ്.എച്ച്.സി)) | 01-04-2023 | 31-03-2024 |
| ശ്രീ.നൗഷാദ്.പി. | മെഡിക്കൽ ഓഫീസർ ( ആയുർവേദ)) | 01-04-2023 | 31-03-2024 |
| ശ്രീമതി അഞ്ജു വൽസൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീ.അഖിൻലാൽ .സി.എസ്. | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.അശ്വതി.എൻ.സി | കൃഷി ഓഫീസർ | 01-04-2023 | 08-06-2023 |
| ശ്രീമതി.സ്നേഹ .എസ്.ആർ. | കൃഷി ഓഫീസർ | 09-06-2023 | 20-06-2023 |
| ശ്രീമതി.സജീറ.സി.ചാത്തോത്ത് | കൃഷി ഓഫീസർ | 20-06-2023 | 03-08-2023 |
| ശ്രീമതി.മീനു.ജി. | കൃഷി ഓഫീസർ | 03-08-2023 | 19-11-2023 |
| ശ്രീമതി.അശ്വതി വിജയൻ | കൃഷി ഓഫീസർ | 20-11-2023 | 17-12-2023 |
| ശ്രീമതി.മീനു.ജി. | കൃഷി ഓഫീസർ | 18-12-2023 | 14-03-2024 |
| ശ്രീമതി.ജസില.എം. | കൃഷി ഓഫീസർ | 15-03-2024 | 31-03-2024 |
| ശ്രീമതി.അമ്പിളി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സുനിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.അശ്വനി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 30-06-2023 |
| ശ്രീമതി.ജോളി.കെ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2023 | 10-08-2023 |
| ശ്രീമതി.അശ്വനി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-08-2023 | 31-03-2024 |
| ശ്രീമതി.ദിൽന.ഡി.എസ്. | ഫിഷറീസ് എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രത്യൂഷരാജ്.പി.വി. | വില്ലേജ് എക്സ്റ്ററൻഷൻ ഓഫീസർ,, ഇരിങ്ങണ്ണൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.അമൃത.എം.കെ. | വില്ലേജ് എക്സ്റ്ററൻഷൻ ഓഫീസർ, എടച്ചേരി സർക്കിൾ | 01-04-2023 | 07-09-2023 |
| ശ്രീമതി.ദിവ്യ ബാലൻ | വില്ലേജ് എക്സ്റ്ററൻഷൻ ഓഫീസർ, എടച്ചേരി സർക്കിൾ | 08-09-2023 | 02-01-2024 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രത്യുഷരാജ്.പി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടച്ചേരി സർക്കിൾ( അധികച്ചുമതല) | 03-01-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-4 |
| 6 | വികസന ഫണ്ട് -സ്രോതസ്സിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്ന ഇനത്തിൽ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല. | 1-1-5 |
| 7 | സി.എഫ്.സി.ഗ്രാന്റ് -ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | തൊഴിൽ നികുതി-പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 1-8 |
| 16 | വസ്തുനികുതി -അപാകതകൾ | 1-9 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല . | 1-10 |
| 18 | മുൻകൂർ തുക ക്രമീകരിച്ചില്ല | 1-11 |
| 19 | വയോജന സൗഹൃദ കേന്ദ്രങ്ങളുടെ കെട്ടിടം പണി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-12 |
| 20 | ശുചിത്വ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച | 1-13 |
| 21 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല – വൻതോതിൽ ഫണ്ടുകൾ നഷ്ടമാവുന്നു | 1-14 |
| 22 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-15 |
| 23 | പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും എഫ്.എച്ച്.സി യിലേക്ക് മരുന്ന് മുഴുവനും ലഭിച്ചില്ല | 1-16 |
| 24 | മെൻസ്ട്രൽ കപ്പ് വിതരണം - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമ സഭയുടെ അംഗീകാരമില്ല | 1-17 |
| 25 | എഫ്.എച്ച്.സി യിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി | 1-18 |
| 26 | എസ്.എസ്.കെ വിഹിതം അടവാക്കൽ -അപാകതകൾ | 1-19 |
| 27 | തെങ്ങ് കൃഷി വികസനം-കുമ്മായം,ജൈവവള വിതരണം(സ്പിൽ ഓവർ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 28 | ഇടവിളകൃഷി വികസനം വിത്ത് വിതരണം - അപാകതകൾ | 1-21 |
| 29 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി | 1-22 |
| 30 | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-23 |
| 31 | ഔദ്യോഗിക വാഹനം കൈയൊഴിഞ്ഞതിലെ അപാകതകൾ | 1-24 |
| 32 | കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് -തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല | 1-25 |
| 33 | റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത | 1-26 |
| 34 | മിനുട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-27 |
| 35 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-28 |
| 36 | ഗാർഹിക ജൈവ മാലിന്യ പദ്ധതിയിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ വീഴ്ച | 1-29 |

| | | |
|---|---|---|
| 37 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-30 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് -ഉക ഒടുക്കിയത് അംഗീകരിക്കുന്നില്ല | 3-1 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.05.2024 തീയതിയിലെ 1/2023-24 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: കോഴിക്കോട്

തീയതി: 23.08.2024

ഡെപ്യൂട്ടി ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽസ്റ്റേഷൻ, കോഴിക്കോട്-20

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 എഫ് പ്രകാരം വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.**

ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല.**

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. സാമ്പത്തികവർഷത്തിൽ 31.03.2024 നാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

**1-1-4 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല**

Maintenance Fund ഉപയോഗിച്ച് റവന്യൂ ചെലവുകൾക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും Income & Expenditure Statement I-14(E) Maintenance Project ഹെഡ്ഡിൽ ചെലവ് കാണിച്ചിട്ടില്ല.

**1-1-5 വികസന ഫണ്ട് -സ്രോതസ്സിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്ന ഇനത്തിൽ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.**

സുലേഖ സ്റ്റേറ്റ്മെന്റിൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ സ്രോതസ്സിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്ന ഇനത്തിൽ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക |
|---|---|---|
| 1 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് SCP | 98,604 |
| 2 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് SCP | 98,604 |
| 3 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് SCP | 98,604 |
| 4 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം | 4,38,000 |
| 5 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം | 4,38,000 |
| 6 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം | 4,38,000 |
| 7 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,93,094 |
| 8 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,93,094 |
| 9 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,93,094 |
| | ആകെ | 24,89,094 |

സ്രോതസ്സുകളിൽ നിന്നും തുകകൾ കുറവ് വരുത്തിയ പ്രൊജക്ടുകളുടെ കാര്യത്തിൽ സുലേഖ

സ്റ്റേറ്റ്മെന്റിൽ തുക വകയിരുത്താതെ ചെലവ് മാത്രം കാണിച്ചിരിക്കുന്നു.

## 1-1-6 സി.എഫ്.സി.ഗ്രാന്റ് -ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

CFC-Tied ഇനത്തിൽ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ബാലൻസ് തുക 4869976 രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-4 പ്രകാരം ഈ ഇനത്തിലെ ബാലൻസ് തുക 5025458 രൂപയാണ്. 1,55482 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

CFC-UnTied ഇനത്തിൽ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ബാലൻസ് തുക 106672 രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-4 പ്രകാരം ഈ ഇനത്തിലെ ബാലൻസ് തുക 306109 രൂപയാണ്. 1,99,437രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-7 ധനകാര്യകമ്മിഷൻ ഗ്രാന്റ് -ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ഐ.കെ.എം ചെലവ് പത്രിക പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ചെലവ് 7079824 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ 36,24,921 രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ 3099950 രൂപയും ഉൾപ്പെടെ ആകെ 6724871 രൂപയുടെ ചെലവാണ് ഉള്ളത്. ആയവ തമ്മിൽ പൊരുത്തപ്പെട്ടുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/03/2023 തിയ്യതിയിലെ 01 നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 21/02/2024 തിയ്യതിയിലെ 13/01 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 1,79,56,336 |
| വരവ് | 25,84,23,400 |
| ആകെ | 27,63,79,736 |
| ചെലവ് | 24,88,90,500 |
| നീക്കിയിരിപ്പ് | 2,74,89,236 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ(റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,54,47,976 |
| വരവ് | 5,73,14,100 |
| ആകെ | 8,27,62,076 |

| | |
|---|---|
| ചെലവ് | 4,65,86,501 |
| നീക്കിയിരിപ്പ് | 3,61,75,575 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 2,13,09,000 | 2,13,09,000 | 1,63,95,208 | 49,13,792 |
| വികസനഫണ്ട്- എസ്.സി.പി | 0 | 13,20,000 | 13,20,000 | 9,80,604 | 3,39,396 |
| മെയിന്റനൻസ്, റോഡ് | 0 | 1,34,60,850 | 1,34,60,850 | 14,44,960 | 1,20,15,890 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 43,38,000 | 43,38,000 | 42,01,410 | 1,36,590 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 54,78,908 | 26,46,500 | 81,25,408 | 32,55,432 | 48,69,976 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 2,63,699 | 37,09,792 (ബാങ്ക് പലിശ ഉൾപ്പെടെ) | 39,73,491 | 38,24,392 | 1,49,099 |

കുറിപ്പ് - CFC-Tied ഇനത്തിൽ വാർഷിക കണക്ക് B-4 പ്രകാരം ബാലൻസ് തുക 5025458 രൂപയാണ്. CFC-UnTied ഇനത്തിൽ വാർഷിക കണക്ക് B-4 പ്രകാരം ബാലൻസ് തുക 306109 രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| സെക്രട്ടറി | 39 | 10 | 7001886 | 5251570 |

| | | | | |
|---|---|---|---|---|
| അസി. സെക്രട്ടറി | 9 | 3 | 1113500 | 445897 |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 8 | 4 | 7474493 | 5246856 |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി.) | 15 | 15 | 4723122 | 3916639 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 440000 | 428618 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 14 | 7 | 7092946 | 1738845 |
| കൃഷി ഓഫീസർ | 15 | 10 | 3636942 | 1596295 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2000000 | 1077231 |
| വെറ്ററിനറി സർജൻ | 6 | 6 | 1943262 | 1511200 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 11 | 8 | 64141000 | 19955598 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 2 | 1050000 | 830573 |
| അസി. എഞ്ചിനീയർ | 66 | 33 | 4,06,45,646 | 1,04,78,776 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 2,20,000 | 8,000 |
| ആകെ | 193 | 104 | 14,14,82,797 | 5,24,86,098 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.24 തീയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19195/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 58,44,000 | 534 |
| വിധവാ പെൻഷൻ | 1,16,26,700 | 1069 |
| വാർദ്ധക്യകാല പെൻഷൻ | 2,26,11,500 | 2246 |
| വികലാംഗ പെൻഷൻ | 43,74,400 | 377 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,64,000 | 41 |
| വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 തൊഴിൽ നികുതി-പൂർണ്ണമായും ഈടാക്കിയിട്ടില്ല.

JC3

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റെന്തെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്(കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204).

എഫ് ടി ഇ &ഒ എസ് ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഉദാ:-

| കെട്ടിട നം. | ഉടമ | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 13/572 | നിഷ.പി.കെ | 4 |
| 4/153 B,C | എൻ.വി. മുഹമ്മദ് | 6 |
| 5/364 | സുരേഷ് കുമാർ .എം | 3 |
| 4/487 I,J,L,M,O | സുരേഷ് കുമാർ .എം | 3 |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും വാടകയിനത്തിൽ വരുമാനമാർജ്ജിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി -അപാകതകൾ

1. ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 22.03.2023 ലെ സ.ഉ. (കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവേ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 17 വാർഡുകളുള്ള പഞ്ചായത്തിൽ ഇതുവരെ 4 വാർഡുകളിലാണ് സർവേ പൂർത്തിയായിട്ടുള്ളത്.

വിവരശേഖരണം പൂർത്തിയാക്കിയ വാർഡ് 6 ലെ 15 കെട്ടിടങ്ങളുടെ വിവരശേഖരണ ഫോറം പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | നിലവിലുള്ള വിസ്തീർണ്ണം | സർവ്വേ പ്രകാരമുള്ള വിസ്തീർണ്ണം | വിസ്തീർണ്ണത്തിലുള്ള വ്യത്യാസം |
|---|---|---|---|---|
| 1 | 6/23 | 15.12 ച.മീ. | 20.64 ച.മീ. | 5.52ച.മീ. |
| 2 | 6/78 A | 3.61 ച.മീ. | 3.61 ച.മീ. | 0 |
| 3 | 6/48 | 44.4 ച.മീ. | 44.4 ച.മീ. | 0 |
| 4 | 6/89 | 99 ച.മീ. | 202ച.മീ. | 103ച.മീ. |
| 5 | 6/155A | 12ച.മീ. | 12ച.മീ. | 0 |
| 6 | 6/172 | 74.08ച.മീ. | 74.08ച.മീ. | 0 |
| 7 | 6/179 | 155ച.മീ. | 155ച.മീ. | 0 |
| 8 | 6/376A | 215.81ച.മീ. | 215.81 | 0 |
| 9 | 6/377 | 91.24ച.മീ. | 91.24 | 0 |

| | | | | |
|---|---|---|---|---|
| 10. | 6/381 A | 223.44ച.മീ. | 228.25 | 4.81ച.മീ. |
| 11. | 6/380A | 121.37ച.മീ. | 195ച.മീ. | 73.63 |
| 12. | 6/374 | 215.77ച.മീ. | 251.63ച.മീ. | 35.86ച.മീ. |
| 13. | 6/373 | 65ച.മീ. | 124.14ച.മീ. | 59.14ച.മീ. |
| 14. | 6/368 | 187.11ച.മീ. | 187.11ച.മീ. | 0 |
| 15. | 6/366 | 203.8ച.മീ. | 329.8ച.മീ. | 126ച.മീ. |
| 16. | ആകെ | 1726.75ച.മീ. | 2134.71ച.മീ. | 407.96ച.മീ. |

പഞ്ചായത്ത് പരിധിയിൽ അനധികൃത കൂട്ടിച്ചേർക്കലുകൾ നടത്തിയ നിരവധി കെട്ടിടങ്ങൾ നിലവിലുണ്ടെന്ന് മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ മുഴുവൻ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി പരിഷ്കരണം മുഴുവൻ കെട്ടിടങ്ങൾക്കും ബാധകമാക്കുവാൻ കഴിഞ്ഞിട്ടില്ല.

രജിസ്റ്റർ പ്രകാരം 2023-24 വർഷം കെട്ടിട നം. നൽകി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം 179 ആണ്. എന്നാൽ ഇവയിൽ 74 കെട്ടിടങ്ങളുടെ വസ്തു നികുതി, സഞ്ചയയിൽ പുതുക്കിയ നിരക്കിൽ ഡിമാന്റ് ചെയ്യാൻ സ്ഥാപനത്തിനു സാധിച്ചിട്ടില്ല. 2024 മാർച്ച് മാസം I.K.M കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതിനുള്ള അവസരം നൽകിയെങ്കിലും നികുതി പുനർനിർണയിക്കുന്നതിനു സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല. നികുതി പുനർനിർണയവുമായി ബന്ധപ്പെട്ട് സഞ്ചയയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മുഴുവൻ റോഡുകളും സഞ്ചയ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 ,7 (2) ഉപവകുപ്പ് പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവുകൾ വരുത്തുകയും ഇളവുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ് . 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതും ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് 10% നികുതി ഇളവു നൽകേണ്ടതും പൊതുവഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്ക് 20 ശതമാനം ഇളവു നൽകേണ്ടതുമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽപെട്ട മുഴുവൻ റോഡുകളും സഞ്ചയയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റോഡുകളും സഞ്ചയ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ കെട്ടിടത്തിന് സമീപമുള്ള റോഡിന്റെ പേര് തിരഞ്ഞെടുക്കുമ്പോൾ ശരിയായ റോഡ് തിരഞ്ഞെടുക്കാൻ കഴിയാതെ വരികയും മറ്റുള്ളവ എന്ന ഒപ്ഷൻ തിരഞ്ഞെടുക്കേണ്ടി വരികയും ചെയ്യുന്നു. അത്തരത്തിൽ റോഡ് തിരഞ്ഞെടുക്കുമ്പോൾ മിക്ക റോഡുകളും ഒന്നര മീറ്ററിനും 5 മീറ്ററിനും ഇടയിൽ എന്ന ഗണത്തിൽ വരികയും, വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുവാൻ കഴിയാതെ വരികയും, വസ്തു നികുതിയിനത്തിൽ വരുമാനം കുറയുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് ഭരണസമിതിയുടെ 15.05.2023ലെ 11/3 നം. തീരുമാനപ്രകാരം അഞ്ചു മീറ്ററിൽ കൂടുതൽ വീതി ഉള്ള റോഡുകളുടെ എണ്ണം 34 ആണ്. എന്നാൽ സഞ്ചയ റോഡ് മാസ്റ്ററിൽ 27 റോഡുകൾ മാത്രമാണ് അഞ്ചുമീറ്ററിൽ കൂടുതൽ വീതിയുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

4. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല.

ഫയൽ നം. SC2-5327/22

കെട്ടിടനം. 3/35

പെർമിറ്റ് നം. A2-BA(43358)/2023

ഉടമസ്ഥന്റെ പേര്. ഗോവിന്ദൻ നടുക്കണ്ടിയിൽ

മുകളിൽ കൊടുത്തിട്ടുള്ള ഫയലിൽ സൂചിപ്പിച്ചിട്ടുള്ള 110.36 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്രവേശനം കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം നാദാപുരം-തലശ്ശേരി റോഡിൽ നിന്നും ആണ്. സഞ്ചയാ റോഡ് മാസ്റ്റർ പ്രകാരം മേൽപ്പറഞ്ഞ റോഡ് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. എന്നാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് "മറ്റുള്ളവ" എന്നും റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുകളിൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

മുകളിൽ കൊടുത്തിട്ടുള്ള കെട്ടിടത്തിന്റെ 45.6 $M^2$ വിസ്തീർണ്ണം ഉള്ള ഭാഗത്തിന് 28 വർഷം കാലപഴക്കമുള്ളതും 64.76 $M^2$ വിസ്തീർണ്ണം ഉള്ള ഭാഗം പുതുതായി കൂട്ടിച്ചേർത്തതുമാണ്. നിലവിലുള്ള കെട്ടിടങ്ങളോടൊപ്പം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള സംഗതികളിൽ കാലപ്പഴക്കം നിശ്ചയിക്കുന്നത് ആ കെട്ടിടത്തിന്റെ അൻപത് ശതമാനത്തിലധികം വരുന്ന കാലപ്പഴക്കം ആണ്. എന്നാൽ മുകളിൽ കൊടുത്തിട്ടുള്ള കെട്ടിടത്തിന് 25 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം കണക്കാക്കി 20% ഇളവ് നൽകിയതായി കാണുന്നു .

വസ്തു നികുതി നിർണ്ണയത്തിൽ, ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്താത്തതും അനധികൃതമായി ഇളവു നൽകിയതുമായ കെട്ടിടങ്ങളുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള വർദ്ധനവ്, ഇളവുകൾ എന്നിവ നൽകി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

പഞ്ചായത്തിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 207ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ചതോ ആയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-10 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല .**

ഗ്രാമ പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല . ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനത്തിൽ നഷ്ടം

JCH

സംഭവിക്കുന്നതോടൊപ്പം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും പ്രവൃത്തികളും പഞ്ചായത്തിന് നിയന്ത്രിക്കാൻ കഴിയാതെയും വരുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-11 മുൻകൂർ തുക ക്രമീകരിച്ചില്ല**

2023-24 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം Temporary Advance For Official Purpose എന്ന ഹെഡ്ഡിൽ 6124 രൂപ വർഷാവസാനം ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖം.1-14ൽ) ഇക്കാര്യം പരാമർശിച്ചിട്ടും അപാകത പരിഹരിച്ചിട്ടില്ല. അവശേഷിക്കുന്ന അഡ്വാൻസുകൾ അടിയന്തിരമായി ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ബന്ധപ്പെട്ടവരിൽ നിന്ന് നിയമാനുസൃത പിഴ പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. അഡ്വാൻസ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-12 വയോജന സൗഹൃദ കേന്ദ്രങ്ങളുടെ കെട്ടിടം പണി പൂർത്തിയാക്കുന്നതിൽ വീഴ്ച**

ഗ്രാമപഞ്ചായത്തിൽ മൂന്ന് വയോജന സൗഹൃദ കേന്ദ്രങ്ങൾക്കുള്ള കെട്ടിടം പണി നടന്നു വരുന്നുണ്ട്. 2019-20 ൽ തുടങ്ങിയ പ്രവൃത്തികൾ ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. ഏഴാം വാർഡിലെ അങ്കണവാടി സെന്റർ നമ്പർ 2 ന് സമീപത്തായി നിർമ്മിച്ച കെട്ടിടം പണി പൂർത്തിയായി. എന്നാൽ പ്ലംബിംഗ്, വയറിംഗ്, ഫ്ലോറിംഗ്, ശൗചാലയം എന്നിവ ചെയ്തിട്ടില്ല. വാർഡ് 13 ൽ അങ്കണവാടി സെന്റർ നമ്പർ 131 ന് അടുത്ത് പണിത കെട്ടിടവും, വാർഡ് 12 ൽ അങ്കണവാടി സെന്റർ നമ്പർ 132 ന് അടുത്ത് പണിത കെട്ടിടവും ഇതേ അവസ്ഥയിലാണുള്ളത്. കെട്ടിട നിർമ്മാണ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ, എസ്റ്റിമേറ്റുകൾ സമഗ്രമായി തയ്യാറാക്കാതെ സ്ട്രക്ചർ നിർമ്മിക്കുന്നതിന് മാത്രം ഭാഗികമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതി വർഷം ഈ പദ്ധതികൾക്കായി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 149/24 | അങ്കണവാടികളിൽ വയോജന സൗഹൃദ കേന്ദ്രം നിർമ്മാണം(സ്പിൽ ഓവർ) | 401237 | 357337 (ബിൽ നം.428/24 /9.3.2024) |
| 160/24 | അങ്കണവാടികളിൽ വയോജന സൗഹൃദ കേന്ദ്രം നിർമ്മാണം(സ്പിൽ ഓവർ) | 122000 | 121718 (ബിൽ നം.149/9.1.2024) |

ഗ്രാമപഞ്ചായത്തിലെ ഇരിങ്ങണ്ണൂർ ടൗണിൽ സാംസ്കാരിക നിലയത്തിന്റെ മുകളിൽ വയോജനങ്ങൾക്കായി പകൽ വീട് കെട്ടിടം നിലവിലുണ്ട്. ഇതിലേക്ക് ഫർണ്ണിച്ചർ, ടി.വി എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാതെ അടച്ചിട്ട നിലയിലാണുള്ളത്. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്ന അവസ്ഥയാണുള്ളത്. നിലവിലുള്ള കെട്ടിടം പ്രവർത്തന സജ്ജമാക്കാതെ വീണ്ടും ഇതേ ആവശ്യത്തിന് കെട്ടിടങ്ങൾ പണിയുന്നു. ഈ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ വീഴ്ചയെക്കുറിച്ചും, നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിനെക്കുറിച്ചും 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ ഇപ്പോഴും പൂർത്തിയാക്കിയിട്ടില്ല. കെട്ടിടം പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/24/7.6.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇരിങ്ങണ്ണൂർ ടൗണിൽ സ്ഥിതിചെയ്യുന്ന പകൽവീട് കെട്ടിടം പ്രവർത്തന

സജ്ജമാക്കിയും, പുതിയ വയോജന കേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചും അറിയിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കുന്നത് വരെ പദ്ധതികൾക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 4,79,055/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-13 ശുചിത്വ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം ഗ്രാമ പഞ്ചായത്തിലെ ശുചിത്വ മേഖലയിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 48/24 | ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങളും വാഹന വാടകയും | 2,50,000 |
| 2 | 203/24 | മാലിന്യ സംസ്കരണം ഐ.ഇ.സി പ്രവർത്തനങ്ങൾ | 80,000 |
| 3 | 205/24 | സാനിറ്ററി ഡയപ്പർ ഡിസ്ട്രോയർ സ്ഥാപിക്കൽ | 1,00,000 |
| 4 | 209/24 | തെരുവോരങ്ങളിലെ മാലിന്യ കൂനകൾ നീക്കം ചെയ്യൽ | 50,000 |
| 5 | 186/24 | കളക്ടേസ് അറ്റ് സ്കൂൾ | 2,12,000 |
| 6 | 189/24 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 2,53,096 |
| 7 | 194/24 | റിംഗ് കമ്പോസ്റ്റ് വിതരണം | 8,18,090 |

സ.ഉ (കൈ)നം.84/2022/തസ്വഭവ.തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-1(2) പ്രകാരം ശുചിത്വ – മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അവസ്ഥ സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും, ഖര-ദ്രവ മാലിന്യ സംസ്കരണ രംഗത്തെ നിലവിലെ അവസ്ഥ കൃത്യമായി തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണത്തിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകണമെന്നുമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ശുചിത്വ മേഖലയിലെ പദ്ധതികൾ നടപ്പാക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. നം.8/23-24/05.06.24) മറുപടി നൽകിയിട്ടില്ല. ശുചിത്വ മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല – വൻതോതിൽ ഫണ്ടുകൾ നഷ്ടമാവുന്നു

റോഡുകളുടെ അറ്റകുറ്റ പ്രവൃത്തികളുടെ കാര്യത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.84/2022.തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-8 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും

VEO

AE LSGD

ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ് , റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ റോഡുകൾ മിക്കവയും ജൽജീവൻ മിഷന്റെ പൈപ്പ് ലൈൻ സ്ഥാപിച്ചതിനാൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തേണ്ടവയാണ്. സമയബന്ധിതമായി ഈ പ്രവൃത്തികൾ നടത്താത്തതുമൂലം ഗ്രാമപഞ്ചായത്തിന് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടെ നിരവധി റോഡ് പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചിട്ടില്ല. ഇതിനാൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് തൻവർഷം വകയിരുത്തിയ 1,74,59,744/- രൂപയിൽ 14,44,960/-രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 29 റോഡ് പ്രവൃത്തികൾ ഇതു മൂലം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. റോഡ് പ്രവൃത്തികൾ തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനിയർ വാട്ടർ അതോറിറ്റിക്ക് കത്തു നൽകിയെങ്കിലും, നടപടിയൊന്നും ഉണ്ടായിട്ടില്ല.

പദ്ധതി വർഷം ഒരു റോഡ് പ്രവൃത്തിക്ക് ഒരേ സമയം രണ്ട് പദ്ധതികൾ നടപ്പാക്കിയതായി കാണുന്നു. പ്രൊജക്ട് നമ്പർ 151/24, 152/24 എന്നീ രണ്ട് പദ്ധതികളും നടപ്പാക്കിയത് ചാത്തോത്ത് മുക്ക് -കക്കാട് മുക്ക് റോഡിനാണ്. ഇതിനായി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കുകയും, ടെണ്ടറുകൾ പ്രത്യേകമായി നടത്തുകയും ചെയ്തു. ഇതിനായി അധിക സാമ്പത്തിക ചെലവും, പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് അധിക ജോലി ഭാരവും ഉണ്ടായിട്ടുണ്ട്. ഇതിന് കാരണമായത് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിലുള്ള വീഴ്ചയാണ്.

കൃത്യമായ ഇടവേളകളിൽ റോഡ് അറ്റകുറ്റപ്പണികൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി വർഷം ഇതിനുള്ള ശ്രമം നടന്നിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/24/7.6.24) മറുപടി നൽകിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ച് അറിയിക്കേണ്ടതാണ്.

### 1-15 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

AE

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ എല്ലാ പുതിയ റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് തുക |
|---|---|---|
| 1 | 218/24- തൈക്കണ്ടി മുക്ക് പൊള്ളോത്തന്റവിട റോഡ് | 4,21,730 |
| 2 | 217/24- നിളാ ഗാർമെന്റ്സ് മുണ്ടനാമ്പ്രത്ത് താഴ റോഡ് | 4,60,371 |
| 3 | 66/24- കന്നത്ത് ആദീന്റെ മീത്തൽ റോഡ് | 4,72,656 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Number 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydraulic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ്

നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി വർഷം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളുടെയും പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ്.

എന്നാൽ പഞ്ചായത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

. റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തെ സ്പിൽ ഓവർ പ്രൊജക്റ്റുകൾ പ്രകാരമുള്ള റോഡ് പേവിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് ഇനം ഉപയോഗിച്ചാണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20 Mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. 20 Mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS)എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും

അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10 Mm നും -10 Mm നും ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത(undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mm നും -10 Mm നും ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് 20 Mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് ഇനം ഉപയോഗിക്കാത്തത് ശരിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/24 /7.6.24) മറുപടി നൽകിയിട്ടില്ല. ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-16 പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും എഫ്.എച്ച്.സി യിലേക്ക് മരുന്ന് മുഴുവനും ലഭിച്ചില്ല

1. എഫ്.എച്ച്.സി യിലേക്ക് മരുന്ന വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു.

Medical officer FHC

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | 22/24 |
| അടങ്കൽ | 400000/- |
| ഫണ്ട് | M.G.(NR) |
| ചെലവ് | 399795/- |
| ബിൽനം. തി. | 898/24/7.12.23 |

മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം കെ.എം.സി.എല്ലി ന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന മുഴുവൻ ലഭിച്ചിട്ടില്ല. 1,86,968/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. മരുന്ന ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. അതിദാരിദ്ര്യ പട്ടികയിലുള്ളവർക്ക് മരുന്ന വിതരണം - മരുന്ന് മുഴുവനും ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റ് നം. | 23/24 |
| അടങ്കൽ | 70000/- |
| ഫണ്ട് | M.G.(NR) |
| ചെലവ് | 69970/- |
| ബിൽനം. തി. | 449/24/14.03.24 |

അതിദാരിദ്ര്യ പട്ടികയിലുള്ളവർക്ക് മരുന്ന വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പദ്ധതിയിൽ കെ.എം.സി.എല്ലിൽ നിന്നും 24159/-രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. എന്നാൽ ഇത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/23-24/05.06.24) മറുപടി നൽകിയിട്ടില്ല. ഈ രണ്ട് പദ്ധതികളിലുമായി ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 2,11,127/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. മരുന്ന് ലഭ്യമായതിന്റെ വിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-17 മെൻസ്ട്രൽ കപ്പ് വിതരണം - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമ സഭയുടെ അംഗീകാരമില്ല**

മെൻസ്ട്രൽ കപ്പ് വിതരണം നടത്തുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റ് നം. | 138/24 |
| അടങ്കൽ | 49800/- |
| ഫണ്ട് | വികസനം(ജനറൽ) |
| ചെലവ് | 49800/- |
| ബിൽനം. തി. | 374/24/14.12.23 |

ഭരണ സമിതിയുടെ 07.03.24 ലെ 5-ാം നമ്പർ തീരുമാനപ്രകാരം മെൻസ്ട്രൽ കപ്പ് വിതരണം നടത്തുന്നതിന് മെഡിക്കൽ ഓഫീസർ സമർപ്പിച്ച 166 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്വന്തം നിലയിൽ ഗുണഭോക്താക്കളെ തെരഞ്ഞടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3എ (സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച്, മുൻഗണനാക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നൽകേണ്ടത് ഗ്രാമ സഭയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഇതു പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/24/05.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ഈ പദ്ധതിക്കായി ചെലവഴിച്ച 49,800/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1-18 എഫ്.എച്ച്.സി യിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി**

ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി.യിലേക്ക് റബ്കോയിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

MO FHC

MO FHC

MO FHC

| | |
|---|---|
| പ്രോജക്ട് നം. | 138/24 |
| അടങ്കൽ | 200000/- |
| ഫണ്ട് | M.G (NR) |
| ചെലവ് | 184092/- |
| ബിൽനം. തി. | 971/24/09.11.23 |

ഫർണ്ണിച്ചറുകൾ വാങ്ങിയത് റബ്കോയിൽ നിന്നാണ്. ടെണ്ടർ കൂടാതെ നേരിട്ട് രണ്ടു ഘട്ടങ്ങളിലായാണ് ഇവ വാങ്ങിയത്. സെമി എക്സിക്യൂട്ടീവ് ടേബിൾ, റിവോൾവിംഗ് ചെയർ, സ്റ്റൂൾ, ക്രോക്കറി ഷെൽഫ് എന്നീ സാധനങ്ങൾ 20.10.2023ലെ ബിൽ നമ്പർ 24/214 പ്രകാരം ആശുപത്രിയിൽ ഇറക്കിയിട്ടുണ്ട്. ഇതിനായി കടത്തുകൂലി ഇനത്തിൽ 4023/- രൂപ നൽകിയിട്ടുണ്ട്. വീണ്ടും 22.02.2024ന് ബിൽ നമ്പർ 24/367 പ്രകാരം ഷെൽഫ്, കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഇതിന്റെ കടത്തുകൂലിയിനത്തിൽ 2960/- രൂപ അനുവദിച്ചിട്ടുണ്ട്.

26.06.23 ന് ചേർന്ന പ്രൊക്യുയർമെന്റ് കമ്മിറ്റി യോഗത്തിലെ 25-ാം നമ്പർ തീരുമാനപ്രകാരം എഫ്.എച്ച്.സി യിലേക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ ക്വട്ടേഷൻ മുഖേന വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ മുഖേന വാങ്ങേണ്ട സാധനങ്ങൾ, ക്വട്ടേഷൻ മുഖേന വാങ്ങുന്നതിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റബ്കോ സമർപ്പിച്ച ഇൻവോയ്സിൽ കടത്ത്കൂലി ഉൾപ്പെടുത്തിയിട്ടില്ല.

സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്ന സന്ദർഭങ്ങളിൽ സാധനങ്ങളുടെ വിലയ്ക്ക് പുറമേ കടത്തുകൂലി നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23-24/05.06.24) മറുപടി നൽകിയിട്ടില്ല. കടത്തുകൂലി ഇനത്തിൽ നൽകിയ 6983/- രൂപ റബ്കോയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 എസ്.എസ്.കെ വിഹിതം അടവാക്കൽ -അപാകതകൾ

പ്രോജക്ട് നം-120

അടങ്കൽ-1,72,222/-(വികസന ഫണ്ട്-ജനറൽ- 1,72,222/-)

ചെലവ്-1,72,222/-(ബിൽ റഫറൻസ് നം-23170352009800278153/05-07-2023)

നിർവ്വഹണം-സെക്രട്ടറി

എസ്.എസ്.കെ വിഹിതം അടവാക്കൽ പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 9,29,600/-രൂപ അടവാക്കുന്നതിന് എസ്.എസ്.കെ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 13.06.2023 തിയ്യതിയിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,72,222/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ.ഉ(കൈ)നം-84/2022/തസ്വഭവ തിയ്യതി-19.04.2022 ഖണ്ഡിക 8.6(3) പ്രകാരം എസ്.എസ്.കെ പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തത്തോടെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ഗ്രാമപഞ്ചായത്ത് പങ്കാളിത്തം വഹിച്ചതായി കാണുന്നില്ല. കൂടാതെ തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,72,222/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1-20 തെങ്ങ് കൃഷി വികസനം-കമ്മായം,ജൈവവള വിതരണം(സ്പിൽ ഓവർ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ**

പ്രോജക്ട് നം-171/23-24

അടങ്കൽ-361592/-(വികസന ഫണ്ട്-ജനറൽ-271194മറ്റുള്ളവ-90398/-)

ചെലവ്-271194/-(BRN-23170352015300798283/15.11.2023തുക-271194/-)

Krishi Officer

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങ് കൃഷി വികസനം-കമ്മായ ജൈവവള വിതരണം പദ്ധതിയിൽ 252 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ബാങ്ക് എക്കൗണ്ടിലേക്ക് വിതരണം ചെയ്തു. കൃഷി ഓഫീസർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ.ഉ(കൈ) നം.115/22/LSGD തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.2 പ്രകാരം കൃഷി സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നിശ്ചയിക്കേണ്ടത്. എന്നാൽ ഇപ്രകാരം സബ്സിഡി നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.രാസവളങ്ങൾ, സൂക്ഷ്മ മൂലക വളങ്ങൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. വളം വാങ്ങിയത് സംബന്ധിച്ച രേഖകൾ, യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവ് തുക 2,71,194/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-21 ഇടവിളകൃഷി വികസനം വിത്ത് വിതരണം - അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

(1) പ്രോജക്ട് നമ്പർ, പേര്- 79/23-2 "ഞങ്ങളും കൃഷിയിലേക്ക്" ഇടവിള കൃഷി വികസനം-വിത്ത് വിതരണം

അടങ്കൽ-700000/-(വികസന ഫണ്ട്-ജനറൽ-700000/-)

ചെലവ്-227850/- (BRN-23170352015301017575/03-01-2024 തുക-227850)

Krishi Officer

മേൽ പ്രൊജക്ട് പ്രകാരം കർഷകർക്ക് വി.എഫ്.പി.സി.കെ-യിൽ നിന്നും (VFPCK-Vegetables And Fruits Promotion Council-Keralam) 735 (735 X 310 = 227850/-) ഇടവിള കൃഷി വിത്തുകൾ (മഞ്ഞൾ,ചേമ്പ്,ചേന,കൂർക്ക) വിതരണം ചെയ്തിട്ടുണ്ട്.

(2) പ്രോജക്ട് നമ്പർ,പേര്-172/23-24. "ഞങ്ങളും കൃഷിയിലേക്ക്" ഇടവിള കൃഷി വികസനം-വിത്ത് വിതരണം-വനിത(സ്പിൽ ഓവർ)

അടങ്കൽ-4,40,000/-(വികസന ഫണ്ട്-ജനറൽ-4,40,000/-)

ചെലവ്-4,35,000/- (BRN-23170352015300799743/15-11-2023 തുക-4,35,000)

മേൽ പ്രൊജക്ട് പ്രകാരം 1500 വനിതാ കർഷകർക്ക് വി.എഫ്.പി.സി.കെ-യിൽ നിന്നും 1500x290=435000/- രൂപയുടെ ഇടവിള കൃഷി വിത്തുകൾ (മഞ്ഞൾ, ചേമ്പ്, ചേന, കൂർക്ക) വിതരണം ചെയ്തു.

മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സ.ഉ(കൈ)നം.115/22/LSGD തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.4 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും നിശ്ചയിക്കേണ്ടത്. മേൽ പ്രൊജക്ടിൽ ഇപ്രകാരം വിത്തുകളുടെ അളവും തുകയും നിശ്ചയിച്ചതായി കാണുന്നില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിത്തുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. എന്നാൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തതിനാൽ മുകളിൽ സൂചിപ്പിച്ച 2 പദ്ധതികളിലുമായി ആകെ ചെലവഴിച്ച തുക 6,62,850 /- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ മേഖലാടിസ്ഥാനത്തിൽ ഐ.കെ.എം ചെലവ് പത്രിക പരിശോധിച്ചതിൽ ഇതിനു വിരുദ്ധമായി ചില പദ്ധതികൾ (ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു) വികസന ഫണ്ട് (ജനറൽ) അടങ്കലായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി.

SC1

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 168/23-24 പച്ചക്കറി വികസനം-കൂലിച്ചെലവ് സബ്സിഡി-വനിത | 100000/- | 100000/- |
| 2 | 172/23-24 ഇടവിള കൃഷി വിത്ത് വിതരണം -വനിത | 440000/- | 435000/- |

മേൽ ഉത്തരവു പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 അനുസരിച്ച് വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ പോലുള്ള പദ്ധതികളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

ഗ്രാമപഞ്ചായത്ത് താഴെ കൊടുത്തിരിക്കുന്ന പ്രകാരം സ്റ്റാർ ഇലക്ട്രിക്കൽസ് കൽപ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും എൽ. ഇ. ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

8C1

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | 162/23-24 തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ (SO) |

| | |
|---|---|
| വകയിരുത്തിയ തുക | 4,33,160/-(തനത് ഫണ്ട്-4,33,160/-) |
| ചെലവ് തുക | 4,33,160/-(BRN-23170352009800170751 /06.06.2023-തുക - 3,00,000/- Proceedings No-65/26-08-2023-തുക- 1,33,160/-) |

4,33,160/- രൂപ (ബൾബ് ഒന്നിന് 1960 രൂപ നിരക്കിൽ 221 ബൾബുകൾ) ചെലവഴിച്ച് ടോട്ടൽ എനർജി സൊല്യൂഷൻ-ഇരിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും 23 W എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി ഗ്രാമ പഞ്ചായത്തിന്റെ 17 വാർഡുകളിലെ കെ.എസ്.ഇ.ബി-യുടെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തനരഹിതമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

2. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

3. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾ കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. തെരുവ് വിളക്ക് രജിസ്റ്ററിൽ വിളക്കുകൾ സ്ഥാപിച്ച പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 4,33,160/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-24 ഔദ്യോഗിക വാഹനം കൈയൊഴിഞ്ഞതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനമായി ഉപയോഗിച്ച് വന്നിരുന്ന 2008 മോഡൽ ബൊലേറോ ജീപ്പ് (KL-18-D-9239) കൈയൊഴിയുന്നതിന് 15.05.2023 തിയ്യതിയിൽ 90000/- (ജി.എസ്.ടി ഉൾപ്പെടെ 106200/-) രൂപക്ക് ലേലം വിളിക്കുകയും ഭരണസമിതിയുടെ 15.05.2023 തിയ്യതിയിലെ 17/1 തീരുമാനപ്രകാരം ലേലം സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്നത് 95000/- രൂപയാണ്. ലേലം മുഖേന വാഹനം കൈയൊഴിഞ്ഞത് വഴി വാഹനത്തിന് വാല്യേഷൻ നടത്തിയതിന്റെ വിലയേക്കാൾ 5000/- രൂപ കുറവാണ് ലഭിച്ചിരിക്കുന്നത്. ധനകാര്യ വകുപ്പിൽ നിന്നുള്ള സർക്കുലർ നം-99/ 2021/ തിയ്യതി-28.10.2021 പ്രകാരം വാഹനം കൈയൊഴിയുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 29.02.2021 ന് കേരള സർക്കാരും എം.എസ്.ടി.സി (MSTC) (മെറ്റൽ സ്ക്രാപ്പ് ട്രേഡ് കോർപ്പറേഷൻ ലിമിറ്റഡ്) ലിമിറ്റഡും തമ്മിൽ ഒപ്പ് വെച്ച ധാരണാപത്രം പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും(പ്രാദേശിക സർക്കാർ വകുപ്പ് ഉൾപ്പെടെ) പഴയ വാഹനങ്ങൾ,വസ്തു വകകൾ എന്നിവ ഇ-ലേലം മുഖേന നടത്തണമെന്നും കൂടാതെ സർക്കാരിന്റെ അനുമതിയില്ലാതെ നേരിട്ട് ലേലം ചെയ്യരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മേൽ സർക്കുലറിന് വിരുദ്ധമായി വാഹനം നേരിട്ട് ലേലം ചെയ്യുകയും വാല്യേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ 5000 രൂപ കുറവ് വരുത്തിയാണ് വാഹനത്തിന്റെ വില്പന നടത്തുകയും ചെയ്തിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനം കൈയ്യൊഴിഞ്ഞതിന് വിശദീകരണം നൽകേണ്ടതാണ്.

SC3

### 1-25 കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് -തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല

വൗച്ചർ നം -22300410/13.09.23

തുക- 4807/-രൂപ

SC3

പാറക്കണ്ടി ഭാഗം കുടിവെള്ള പദ്ധതിയുടെ കറന്റ് ചർജ്ജ് (കൺസ്യൂമർ നം.1166274002500)

കാലങ്ങളായി അടക്കാത്തതിനാൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിനെ തുടർന്ന് മേൽ വൗച്ചർ പ്രകാരം ആകെ 4807/-രൂപ റവന്യൂവകുപ്പിൽ ഒടുക്കിയിട്ടുണ്ട്. താഴെ കൊടുത്ത ഇനങ്ങളിലാണ് തുക ഒടുക്കിയിരിക്കുന്നത്.

| | |
|---|---|
| മുതൽ സംഖ്യ | 3,745 |
| DNF | 85 |
| കളക്ഷൻ ചാർജ്ജ് | 225 |
| പലിശ | 754 |
| ആകെ | 4,809* |

* ഈ തുകയിൽ 4807/- രൂപ മാത്രമാണ് അടച്ചത്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയും പദ്ധതികളുടെ നടത്തിപ്പ് ചെലവ് ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന പ്രതിമാസ വാട്ടർ ചാർജ്ജിൽ നിന്നും ഒടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്രയും തുക കുടിശ്ശിക വന്ന സാഹചര്യവും അത് ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടി വന്നതും വൗച്ചറിന്റെ നോട്ട് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പറ്റാത്ത ഇനമായതിനാൽ 4807/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത

തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുമ്പോൾ അവ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ ചെലവുകളുടെ അക്കൗണ്ടിംഗ് എങ്ങിനെയെന്ന് വിശദമാക്കുന്നുണ്ട്. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ /സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും മാത്രമേ ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തുവാൻ പാടുള്ളൂ. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമേ ചെലവ് രേഖപ്പെടുത്താവൂ. കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുകകൾ വർഷാന്ത്യത്തിൽ മാത്രമേ അക്രൂ ചെയ്യേണ്ടതുള്ളൂ.

വ്യവസ്ഥ ഇതായിരിക്കെ തനത്ഫണ്ടിൽ നിന്നുള്ള എല്ലാ റവന്യൂ ചെലവുകളും ജേണൽ വഴി അക്രൂ ചെയ്ത് ബാധ്യതയാക്കി മാറ്റി ഈ ബാധ്യത തീർക്കുന്ന തരത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്രൂ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തവയൊഴികെയുള്ള റവന്യൂ ചെലവുകൾ വർഷാന്ത്യത്തിൽ നല്കാൻ ബാക്കിയാകുന്നവെങ്കിൽ മാത്രം അക്രൂ ചെയ്താൽ മതിയെന്നിരിക്കെ നിലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത് മേൽ ചട്ടത്തിന് വിരുദ്ധമാണെന്നു കാണാം. എല്ലാ റവന്യൂ ചെലവുകളും മറ്റ് ക്രഡിറ്റേഴ്സിന് നല്കാനുള്ള തുക (Amount Payable To Other Creditors) എന്ന ബാധ്യത ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനാൽ തുക ആർക്ക് എന്തിനുവേണ്ടി നല്കിയെന്ന് ഭരണസമിതിയംഗങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേക്ക്ഹോൾഡർമാർക്ക് കണക്കുകളിൽ നിന്നും തിരിച്ചറിയാൻ കഴിയാതെ വരുന്നു.

മേൽ സാഹചര്യത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായും സുതാര്യത പ്രത്യക്ഷത്തിൽ ബോധ്യപ്പെടാത്ത തരത്തിലും കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ കഴിയില്ലെങ്കിലും അപാകത ബന്ധപ്പെട്ട വേദികളിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതായിരുന്നു എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 മിനുട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ് തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനിട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം വന്നു കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്സ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 14 | 29.04.23 | അടിയന്തിരം | 15.06.2023 |
| 2 | 16 | 15.05.23 | സാധാരണം | 4.08.23 |
| 3 | 17 | 2.06.23 | അടിയന്തിരം | 13.07.23 |
| 4 | 18 | 30.06.23 | സാധാരണം | 26.09.23 |
| 5 | 20 | 27.7.23 | സാധാരണം | 4.08.23 |
| 6 | 1 | 3.01.24 | സാധാരണം | 30.05.24 |

എല്ലാ മിനിട്സുകളും അംഗീകരിക്കുന്നതിൽ വലിയ കാലതാമസം വരുന്നതായി സകർമ്മ സോഫ്റ്റ് വെയർ സാക്ഷ്യപ്പെടുത്തുന്നു. ആദ്യം നടന്ന യോഗങ്ങളുടെ മിനിട്സിനു മുമ്പ് പിന്നീടുള്ള യോഗങ്ങളുടെ മിനിട്സ് അംഗീകരിച്ചിരിക്കുന്നതായും മേൽ വിവരങ്ങൾ കാണിക്കുന്നു (ക്രമനം 2,3 ക്രമനം 4,5 എന്നിവ കാണുക).

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26ൽ വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട്. കൈയ്യെഴുത്തായി മിനിട്സും തീരുമാനം രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ് വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4) ൽ

വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കണമെന്ന് ചട്ടം 20(6) അനുശാസിക്കുന്നു.

മിനിട്സിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9)) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്കേണ്ടതുമാണ് (ചട്ടം 20(9)) ഇത് തിരിച്ചുകിട്ടിയാൽ ഉടൻ സെക്രട്ടറി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും മിനിട്സും തീരുമാന രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. മിനിട്സുമായി ബന്ധപ്പെട്ട് ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

**1-28 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

| ഓഡിറ്റ് മാനദണ്ഡങ്ങൾ(criteria) | |
|---|---|
| I | **കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം** |
| A) | പരിസ്ഥിതി സംരക്ഷണ നിയമം-1986 |
| II | **കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ** |
| 1) | 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ |
| 2) | 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ |
| 3) | 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 4) | 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 5) | 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 6) | 2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| III | **കേ.പ.രാജ് ,കേ.മു. നിയമങ്ങൾ** |
| എ) | കേ.പ.രാജ് ആക്റ്റ് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക |
| ബി) | 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) |
| സി) | കേ.മു.ആക്റ്റ് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ345വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക |
| ഡി) | 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) |
| IV | **സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ** |
| 1) | 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| 2) | 15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |

## 3) 12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

**ആമുഖം**

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർ, താമസക്കാർ, മറ്റ് മാലിന്യ സ്രഷ്ടാക്കൾ, എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും വീടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യണമെന്നതും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

**ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ**

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽ ചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ

സ്ഥലപരിമിതിയുള്ളവർക്കും തെരുവ് ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ്പ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ്പ് ഷോപ്പുകൾ, (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്ത് പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും. തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി.പി.ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക, ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകത്വം (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തൽ (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ

മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോ വേസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**നിലവിലെ അവസ്ഥ**

6.01.2024ന് എടച്ചേരി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാക്കുക, ഉറവിട മാലിന്യസംസ്കരണം സാധ്യമാക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പഞ്ചായത്തുകൾ മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം വളരെ മുന്നോട്ട് പോയെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**ഹരിത കർമ്മസേനയുടെ പ്രവർത്തനം**

ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2017 ൽ തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാത്രമാണ് ഇത് കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളത്. ആകെ 29 അംഗങ്ങൾ ഉള്ള സേന നിലവിൽ പ്രതിമാസം എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. താഴെ കൊടുത്ത വിശദാംശം ഈ ഒരു വർഷത്തെ വളർച്ചയുടെ തോത് വ്യക്തമാക്കുന്നു.

**ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ-3/23 ലേയും 3/24ലേയും താരതമ്യം**

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 6666 | 295 | 4160 | 159 | 6666 | 295 | 154350 | 19700 | 334700 | 34490 | 62.40 | 53.89 | 100% | 100% |

2023 മാർച്ച് മാസത്തിൽ യഥാക്രമം 62.4 ഉം 53.89 ഉം ശതമാനമായിരുന്ന വീടുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും അജൈവവസ്തു ശേഖരണം 2024 മാർച്ച് മാസമാകുമ്പോഴേക്കും 100 ശതമാനത്തിലെത്തിയതായി കാണാം. ഇതിന് അനുസൃതമായ വർദ്ധനവ് വരുമാനത്തിലും ഉണ്ടായത് ശ്രദ്ധിക്കുക. നിലവിൽ പ്രതിമാസം 15,000/-രൂപ സേനാംഗങ്ങൾക്ക് ലഭിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ കെട്ടിടനികുതി ഡിമാന്റിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം, സ്മാർട്ട് ഗാർബേജ് പ്രൊജക്ട് പ്രകാരം ആകെ QR കോഡ് പതിച്ച കെട്ടിടങ്ങളുടെ എണ്ണം, QR കോഡ് പതിച്ച കെട്ടിടങ്ങളിൽ സബ്സ്ക്രിപ്ഷൻ എടുത്ത കെട്ടിടങ്ങളുടെ എണ്ണം, നിലവിൽ പ്രതിമാസം ഫീസ് നല്കി മാലിന്യം കൈമാറുന്ന കെട്ടിടങ്ങളുടെ കണക്കുകൾ എന്നിവ തമ്മിൽ താഴെ കൊടുത്ത പ്രകാരം വൻ അന്തരം നിലനില്ക്കുന്നതായി കാണുന്നു.

| ആകെ കെട്ടിടങ്ങൾ | | | | |
|---|---|---|---|---|
| നിലവിലെ ഡിമാന്റ് പ്രകാരം | QRകോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ | നിലവിൽ പിരിക്കുന്നവ | |
| | | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 11011 | 8025 | 7732 | 6666 | 297 |

പുതിയ കെട്ടിടങ്ങൾ നിലവിൽ വരമ്പോൾ അവയ്ക്ക് സമയബന്ധിതമായി QR കോഡ് പതിച്ച് അവയെ മാലിന്യ ശേഖരണ പരിപാടിയിൽ ഉൾപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ കാണിക്കുന്നു. കൂടാതെ QR കോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് പിരിക്കാത്തതും ശ്രദ്ധേയമാണ്. നിലവിൽ പിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം മാസങ്ങളായി ഒരേ സംഖ്യയാണെന്നതും കെട്ടിടങ്ങളുടെ പ്രതിമാസ വർദ്ധനയ്ക്ക് അനുസൃതമായി വർദ്ധിക്കുന്നില്ലെന്നതും നൂറുശതമാനമെന്ന ലക്ഷ്യം ഹരിത കർമ്മസേന കൈവരിച്ചിട്ടില്ലെന്നതിന് തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവർത്തനം കാര്യക്ഷമമാണെന്ന് അംഗീകരിക്കുന്നതിനൊപ്പം കൂടുതൽ മെച്ചപ്പെടാൻ പരിശ്രമിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

**റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും**

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സേന സ്വീകരിക്കുന്നുണ്ട്. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ പ്ലാൻ ഇല്ല എന്ന കാണുന്നു. 7-09-2020-ലെ ഡി.സി1/282 /2020/ത.സ.ഭ.വനം.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി- 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. മേൽ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും നാളിതുവരെയായി സ്ഥാപനത്തിൽ ഇക്കാര്യത്തിൽ പ്ലാനോ കലണ്ടറോ ഇല്ല എന്നത് വീഴ്ചയാണ്. അജൈവ പാഴ് വസ്തുകൾ ശേഖരിക്കാതിരിക്കുകയോ , ശേഖരിക്കുന്നുണ്ടെങ്കിൽ തന്നെ ഇതിനായി പ്രത്യേക ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ലെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷം ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും യാതൊരു വരവും ഈയിനത്തിൽ സേനയ്ക്ക് ലഭിച്ചില്ലെങ്കിലും 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 595590/- രൂപയും 2,53,500/- രൂപയും റിജക്ട് മാലിന്യം കയറ്റി അയക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പൊതുശുചീകരണത്തിന്റെ ഭാഗമായി ലഭിച്ച റിജക്ട് മാലിന്യം കൈയ്യൊഴിഞ്ഞ ഇനത്തിലാണ് ഈ ചെലവെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ഇത് ശരിയാണെങ്കിൽ വീടുകളിൽ/സ്ഥാപനങ്ങളിൽ ഇത്തരം മാലിന്യങ്ങൾ കുമിഞ്ഞു കൂടാനും ഇത് പൊതു ഇടങ്ങളിൽ തള്ളാനും ഉള്ള സാധ്യതകളിലേക്ക് നയിക്കാം.

**ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ**

2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ താഴെ കൊടുത്ത വിധം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | ആകെ വിനിയോഗിച്ച തുക |
|---|---|
| 2019-20 | 7,68,800 |

| | |
|---|---|
| 2020-21 | 2,54,885 |
| 2021-22 | 18,75,853 |
| 2022-23 | 53,15,871 |
| 2023-24 | 16,54,605 |

MCF സ്ഥാപിക്കൽ, MCF ൽ അടിസ്ഥാന സൗകര്യമൊരുക്കൽ, മിനി MCF സ്ഥാപിക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ, ഹരിത സേനയ്ക്ക് VGF നൽകൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹന വാടക നല്കലും, യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ, സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, തുടങ്ങിയ ഇനങ്ങളിലാണ് ഈ വർഷങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഇടപെടലുകളിൽ പോരായ്മ/ അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

1) **MCFലെ അടിസ്ഥാന സൗകര്യം** - 72.9 $M^2$ വിസ്തൃതിയുള്ള കെട്ടിടവും 102.4 $M^2$ ഫ്രണ്ട് യാർഡും ഉൾപ്പടെ 175.3 $M^2$ വിസ്തൃതിയിലുള്ള MCF സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. എന്നാൽ വെയിംഗ് മെഷീൻ ഒഴികെ മറ്റ് ഉപകരണങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. കറന്റ് കണക്ഷൻ നാളിതുവരെ ലഭിക്കാത്തതാണ് പ്രധാന പോരായ്മയായി ഉള്ളത്. ഇതുകൊണ്ടു തന്നെ ഇവിടെ വച്ച് സെഗ്രഗേഷൻ, ബെയിലിംഗ് തുടങ്ങിയ തുടർപ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന ഇടമായി മാത്രമാണ് നിലവിൽ MCF ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

2) **യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ-** അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 166 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 99600/-രൂപ പ്രതിവർഷം (166X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മാത്രമാണ് ഈ തുക നല്കിയിരിക്കുന്നത്. അതുതന്നെ അർഹതപ്പെട്ടതിലും വളരെ കുറവാണ്. ആകെ അടങ്കൽ 70,000/-രൂപ വകയിരുത്തി 16,400/-രൂപ മാത്രമാണ് ലഭ്യമാക്കിയത്.

3) **ഉറവിട മാലിന്യ സംസ്കരണം** -വി.ഇ.ഒ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ജൈവമാലിന്യ സംസ്കരണത്തിനായി താഴെ കൊടുത്ത പ്രകാരം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വീടുകളിൽ സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്.

| വർഷം | യൂണിറ്റുകളുടെ എണ്ണം |
|---|---|
| 2020-21 | 474 |
| 2021-22 | 992 |
| 2022-23 | 1284 |
| 2023-24 | 1815 |
| ആകെ | 4565 |

നിലവിൽ 6666 വീടുകളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കപ്പെടുന്നതിനാൽ ഇനിയും 2101 (6666-4565) വീടുകൾക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് കാണാം. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല.

**4)അജൈവമാലിന്യം(റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്-** അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് പ്രോജക്ട് തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. പൊതുശുചീകരണത്തിന്റെ ഭാഗമായി ലഭിച്ച റിജക്ട് മാലിന്യം കൈയ്യൊഴിഞ്ഞ ഇനത്തിലാണ് ഈ ചെലവെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ഫീസ് ഈടാക്കാതെ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളും ഇതിൽ ഉൾപ്പെട്ടതായി സംശയിക്കേണ്ടിയിരിക്കുന്നു. വീടുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്ട് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവ് വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകിരിക്കേണ്ടതുണ്ട്.

**5).മറ്റ് പോരായ്മകൾ**

എ) ക്രമ നം1 ൽ പ്രതിപാദിച്ച ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ നാളിതുവരെ സ്ഥാപനം തയ്യാറാക്കുകയോ അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിച്ച ഏജൻസിക്കോ നല്കുകയോ ചെയ്തിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വിഇഒ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു പ്ലാൻ തയ്യാറാക്കിയില്ലെങ്കിലും സമ്പൂർണ്ണ മാലിന്യ മുക്ത പദവി സ്ഥാപനത്തിന് ലഭിച്ചത് പ്രശംസനീയമാണ്. എന്നാൽ ഇനിയും സ്ഥാപനം മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലോയിൽ പ്രതിമാസ ഫീസ് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കലണ്ടറനുസരിച്ച് ശേഖരിക്കുന്ന റിജക്ട് മാലിന്യത്തിന്റെ നിരക്ക് കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് 250/-രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലോയിൽ നിഷ്കർഷിച്ചിരിക്കെ ഇത്തരത്തിൽ ഒരു വരുമാനം സ്ഥാപനത്തിലില്ല.

സി) ഹരിതകർമ്മസേനയ്യൊപ്പം മറ്റ് മൂന്ന് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടെങ്കിലും ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല. എന്നാൽ സേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ-സെഗ്രഗേഷൻ,സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വ ഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലെ വകുപ്പ് എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവ് വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ

ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ പ്രതിമാസം 50/100 രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്റ്റ് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-29 ഗാർഹിക ജൈവ മാലിന്യ പദ്ധതിയിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ വീഴ്ച**

ഗാർഹിക ജൈവ മാലിന്യസംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്റ്റ് നം. | 180/24 |
| അടങ്കൽ | 1220560 |
| ഫണ്ട് | CFC |
| ചെലവ് | 1220356 |
| ബിൽനം. തി. | 100/24/17.08.23 |

പഞ്ചായത്ത് ഭരണസമിതിയുടെ 16.03.23 ലെ 8/23 -ാം നമ്പർ തീരുമാന പ്രകാരം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വി.ഇ.ഒ തയ്യാറാക്കി നൽകിയ ഗുണഭോക്തൃ പട്ടിക പരിഗണിക്കേണ്ടതില്ലെന്നും, എല്ലാ വാർഡുകളിലേയും ആദ്യ 75 ഗുണഭോക്താക്കളെ പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യം നൽകുന്നതിനും വി.ഇ.ഒ യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. സ.ഉ.(കൈ) നം.84/2022/തസ്വഭവ/തി.19.04.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.12-3 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു പ്രകാരം ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രൊജക്റ്റ് പ്രകാരം തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഈ നിർദ്ദേശം മറികടന്ന് ഓരോ വാർഡിലേയും ആദ്യ 75 ഗുണഭോക്താക്കളെ ആനുകൂല്യത്തിനായി തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല. പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് മാനദണ്ഡം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 12,20,356/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല.**

M.O Homoeo

പ്രോജക്റ്റ് നം-76/23-24

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ഹോമിയോ

അടങ്കൽ -3,00,000/-(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-3,00,000/- (ബിൽ റഫറൻസ് നം-23170352015200799106 തിയ്യതി-05-11-2023 തുക-3,00,000/-)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 05-11-2023 തിയ്യതിയിൽ 300000 രൂപ ആലപ്പുഴ ഹോംകോയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ്-PF-242/05-08-2023) കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ 1,29,640/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 1,70,360/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ ബാക്കി തുക 1,70,360/- രൂപ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് -തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല

വൗച്ചർ നം -22300410/13.09.23

തുക- 4,807/-രൂപ

പാറക്കണ്ടി ഭാഗം കുടിവെള്ള പദ്ധതിയുടെ കറന്റ് ചർജ്ജ് (കൺസ്യൂമർ നം. 1166274002500) കാലങ്ങളായി അടക്കാത്തതിനാൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിനെ തുടർന്ന് മേൽ വൗച്ചർ പ്രകാരം ആകെ 4807/-രൂപ റവന്യൂവകുപ്പിൽ ഒടുക്കിയിട്ടുണ്ട്. താഴെ കൊടുത്ത ഇനങ്ങളിലാണ് തുക ഒടുക്കിയിരിക്കുന്നത്.

| | |
|---|---|
| മുതൽ സംഖ്യ | 3745 |
| DNF | 85 |
| കളക്ഷൻ ചാർജ്ജ് | 225 |
| പലിശ | 754 |
| ആകെ | 4809* |

.* ഈ തുകയിൽൽ 4807 രൂപയാണ് അടച്ചത്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയും പദ്ധതികളുടെ നടത്തിപ്പ് ചെലവ് ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന പ്രതിമാസ വാട്ടർ ചാർജ്ജിൽ നിന്നും ഒടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്രയും തുക കുടിശ്ശിക വന്ന സാഹചര്യവും അത് ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടി വന്നതും വൗച്ചറിന്റെ നോട്ട് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് നല്കിയ

എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പറ്റാത്ത ഇനമായതിനാൽ 4807/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 28.05.2024 മുതൽ 07.06.2024 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 |
| | 2023-24 | 1,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 |
| | 2023-24 | 1,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 1,50,000 |
| | 2023-24 | 90,000 | വീട് വാസയോഗ്യമാക്കൽ-അതിദരിദ്രപ്പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ | 90,000 |
| | 2023-24 | 88,970 | സ്ഥിരം നെൽക്കൃഷി കർഷകർക്ക് സബ്സിഡി | 88,970 |
| | 2023-24 | 4,00,000 | ലൈഫ് ഭവന പദ്ധതി | 4,00,000 |
| ആകെ | | 9,28,970 | | 9,28,970 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 76,260 | സ്ഥിരം നെൽക്കൃഷി കർഷകർക്ക് സബ്സിഡി | 76,260 |
| | 2023-24 | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 5,00,000 |

| | | | | |
|---|---|---|---|---|
| | 2023-24 | 1,50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,50,000 |
| | 2023-24 | 4,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 4,50,000 |
| | 2023-24 | 60,000 | വീട് വാസയോഗ്യമാക്കൽ- അതിദരിദ്രപ്പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ | 60,000 |
| | 2023-24 | 70,000 | വീട് വാസയോഗ്യമാക്കൽ- അഗതി -ആശ്രയ കുടുംബങ്ങൾ | 70,000 |
| | 2023-24 | 9,80,000 | ലൈഫ് ഭവന പദ്ധതി | 9,80,000 |
| | 2023-24 | 1,00,000 | ലൈഫ് ഭവന പദ്ധതി- പട്ടികജാതി | 1,00,000 |
| | 2023-24 | 30,000 | അഗതി -ആശ്രയ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം | 30,000 |
| | 2023-24 | 4,46,212 | മാമ്പള്ളി അംഗനവാടി കെട്ടിട നിർമ്മാണം | 4,46,212 |
| ആകെ | | 28,62,472 | | 28,62,472 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/05/2018 | 2023-24 | 6140000 | 3992705 | 1175095 | 0 | 8957610 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 86,77,141 |
| തൻവർഷം നിക്ഷേപിച്ച തുക | 6,06,700 |
| ആകെ | 92,83,841 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 92,83,841 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| 2 | എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (നം.001001078635) | 22.07.2023 | 1 വർഷം | 92,73,841 | |

| | |
|---|---|
| ആകെ | 92,83,841 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | --- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | തടസ്സം തുടരുന്നു. (പമ്പ് സെറ്റിന് ചെലവാക്കിയ തുക റെയ്ഡ്കോയിൽ നിന്ന് ഈടാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണം |
| --- | --- | 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി അപേക്ഷിക്കലും തൊഴിൽ ലഭ്യമാക്കലും | തടസ്സം തുടരുന്നു |
| --- | --- | 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| --- | --- | 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 3-4-5-6 | തൊഴിലുപകരണങ്ങൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാക | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | തകൾ | |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാവിഭജനം | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,73,14,100 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,65,86,501 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,807 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,77,696 |

ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-25 | - | 4807 | മോഹൻരാജ് .വി.പി. സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 211,127 | ഡോ.പ്രഭ.പി.കെ. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

| | | |
|---|---|---|
| 1-17 | 49,800 | ഡോ.പ്രഭ.പി.കെ. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-18 | 6983 | ഡോ.പ്രഭ.പി.കെ. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-19 | 1,72,222 | ശ്രീ.മോഹൻരാജ്.വി.പി സെക്രട്ടറി |
| 1-20 | 2,71,194 | ശ്രീമതി.മീന.ജി കൃഷി ഓഫീസർ |
| 1-21 | 6,62,850 | ശ്രീമതി.മീന.ജി കൃഷി ഓഫീസർ |
| 1-23 | 4,33,160 | ശ്രീ.മോഹൻരാജ്.വി.പി സെക്രട്ടറി |
| 1-30 | 1,70,360 | ഡോ.അഞ്ജു വൽസൻ മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 19,77,696 | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മോഹൻരാജ്.വി.പി. സെക്രട്ടറി | സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് | മഠത്തിൽ മീത്തൽ, ആയഞ്ചേരി (പി.ഒ.) |
| ഡോ.പ്രഭ.പി.കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, എടച്ചേരി ഗ്രാമപഞ്ചായത്ത് | നവനീതം, ഗുരുവായൂർ പി.ഒ., |

| | | |
|---|---|---|
| ശ്രീമതി.മീനു.ജി.,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കൃഷി ഭവൻ,<br>ശാസ്താംകോട്ട | നിധിൻ നിവാസ്,<br>കോട്ടറ,നീയന്നൂർ.പി.ഒ.,<br>കൊല്ലം-691537 |
| ഡോ. അഞ്ജു വൽസൻ,<br>മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ<br>ഡിസ്പെൻസറി | മെഡിക്കൽ<br>ഓഫീസർ,<br>ഗവ.ഹോമിയോ<br>ഡിസ്പെൻസറി,<br>എടച്ചേരി | നാണി നിവാസ്,<br>വടകര-1, 673101 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി. പി5/1400/22 തീയതി 20.10.22 | 8 | 2-1,2-2,2-3,2-4,2-5, 2-6,2-8,2-9 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി. പി9/2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(1)തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 3 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(2)/22തീയതി 20.10.22 | 9 | 1-2,1-4,2-4,3-4,3-7, 3-8,3-9,3-13,3-16 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(3)/22 തീയതി 20.10.22 | 9 | 3-3, 3-4,3-5, 3-9, 3-10,3-15,4-3,4-4,4-7 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(4)/22 തീയതി 20.10.22 | 13 | 1-1,1-2,1-3,2-1 (4,8,9,10),2-3(1,2), 3-6,3-9,4-3,4-7 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(5)/22 തീയതി 20.10.22 | 12 | 2-1,3-6,3-7,3-8,3-9, 3-12,3-13,3-14,3-15, 3-16(1,2),4-7 |
| 2012-13, 2013-14 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(6)/22 തീയതി 20.10.22 | 3 | 2-1,3-6, 3-9 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(2) തീയതി-17.11.2021 | 7 | 2-2, 3-3, 3-4, 3-7 (3,6),3-8, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(3) തീയതി-17.11.2021 | 11 | 2-1, 2-3, 2-5, 3-1, 3-4 (1, 7, 10, 12, 13, 14, 21, 22), 3-8, 3-11, 3-17, 3-18 (4,6), 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(4) തീയതി-17.11.2021 | 8 | 2-1, 2-2, 2-4,3-2, 3-3, 3-8സി, 3-13,3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1508/2019 തീയതി-07.07.2020 | 9 | 1-10, 1-12,2-1(1)(2)(3), 2-4(6),3-1(4), 3-2 (1) (2), 3-4, 3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 757/20 തീയതി-04.09.2020 | 14 | 1-7(1-7), 1-10, 1-12, 1-14, 1-18, 1-21, 1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1083/23 തീയതി-15.07.2023 | 19 | 1-4-1, 1-6-1,1-11, 1-13, 1-14,1-16, 1-17, 1-18, 1-19, 1-20, 1-21, 1-25, 1-26, 1-27, 1-28, 1-29, 1-31, 2-1, 3-1 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2042/23 തീയതി-14.03.2024 | 32 | 1-2-1,1-4-1,1-9,1-10, 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19, 1-20,1-21,1-22,1-24, 1-25,1-26,1-27, 1-28,1-29,1-30,1-31, 1-34, 1-35, 1-36, 1-37,1-39,1-40, 3-1,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി5 /2043/23 തീയതി-21.02.2024 | 31 | 1-2-1,1-4-1, 1-9,1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21, 1-22,1-24,1-25,1-27, |

| | | | |
|---|---|---|---|
| | | | 1-28,1-29,1-30,1-31, 1-34,1-35,1-36,1-37,1-39, 1-40,3-1, 4-11 |
| 2022-23 | കെ.എസ്.എ. കെ.കെ.ഡി/പി5 /1834/23 തീയതി-14.03.2024 | 30 | 1-1,1-1-1,1-1-2,1-1-3, 1-1-4,1-1-5,1-1-6,1-1-7, 1-1-8,1-1-9,1-1-10,1-5,1-6, 1-9,1-10,1-11,1-12,1-13,1-14, 1-15,1-16,1-17,1-18,1-19, 1-20,1-21,1-22,1-23, 1-24,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽസ്റ്റേഷൻ, കോഴിക്കോട്-20

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/01 dated 14-05-2024 and submitted on 15-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Edacheri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edacheri Grama Panchayat as on 31-03-2024

**Date: 23/08/2024**

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്
സിവിൽസ്റ്റേഷൻ, കോഴിക്കോട്-20

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Edacheri Grama Panchayat for the Year 2023-2024 .

**1.Major Observations**

Nil

**2.Other Observations**

1. Following mandatory financial statements prescribed in Accounting Rules are not submitted for audit.

a.Ratios.

b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue.

4.Expenditure using Maintenance fund not included in I(14E) statement.

5.Development fund-cut from source not allocated in Expenditure statement.

6.CFC-Grand- balance mismatch with AFS.

7.CFC Grand-expenditure mismatch with AFS.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽസ്റ്റേഷൻ, കോഴിക്കോട്-20